# പതിമൂന്നാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നം.98 26.09.2011-ൽ മറുപടിയ്ക്ക്.

## ഫയലുകൾ തീർപ്പുകല്പിക്കുന്നതിനുള്ള നടപടി

ചോദ്യം

ശ്രീമതി കെ.എസ്. സലീഖ

ഉത്തരം

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള ഫയലുകളിൽ എത്രയെണ്ണം തീർപ്പുകൽപ്പിച്ചു; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 30.06.2011 വരെ വിവിധ വകുപ്പുകളിൽ 10,23,481 ഫയലുകൾ തീർപ്പാക്കാനുണ്ടായിരുന്നു. അവയിൽ 31.08.2011 വരെ 4,32,729 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഫയലുകൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | (ബി) | സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കുക എന്ന വിഷയം സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തുകയും 30.06.2011-ലെ സർക്കുലർ നമ്പർ 9661/AR14(2)/2011/P&ARD പ്രകാരം സെക്രട്ടേറിയറ്റ് ഉൾപ്പടെ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലേയും കാലപ്പഴക്കമുള്ള ഫയലുകൾ തീർപ്പാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. വകുപ്പുമേധാവികളുടെ അദ്ധ്യക്ഷതയിൽ രണ്ടാഴ്ചയിലൊരിക്കൽ യോഗങ്ങൾ സംഘടിപ്പിക്കുകയും ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്തു. കൂടാതെ നിയമപരമായി തടസ്സമില്ലാത്ത പരമാവധി ഫയലുകൾ വകുപ്പുസെക്രട്ടറിമാരുടേയും വകുപ്പ് മന്ത്രിമാരുടെയും സാന്നിധ്യത്തിൽ ഫയൽ അദാലത്തുകൾ സംഘടിപ്പിച്ച് തീർപ്പാക്കിയിട്ടുണ്ട്. തീവ്രഫയൽ തീർപ്പാക്കലിന്റെ പുരോഗതി |

| | | | |
|---|---|---|---|
| | | | രണ്ടാഴ്ചയിലൊരിക്കൽ പരിശോധിച്ച് വിലയിരുത്തുകയും ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്വേണ്ടി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി), ഇൻസ്റ്റിറ്റ്യൂട്ട് സെക്രട്ടേറിയറ്റ് ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ് (ഐ.എസ്.ടി.എം) ന്യൂഡെൽഹി തുടങ്ങിയ സ്ഥാപനങ്ങളിൽ ട്രെയിനിംഗ് നൽകി വരുന്നുണ്ട്. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ